





# പ്രളയാനന്തര ശുചിത്വ – മാലിന്യസംസ്ക്കരണം
# ശുചിത്വ മിഷൻ സ്വീകരിച്ച നടപടികൾ

സെപ്റ്റംബർ 2018

Government of Kerala

മാലിന്യമുക്ത കേരളം

स्वच्छ भारत

एक कदम स्वच्छता की ओर


# ആമുഖം

ദുരിതാശ്വാസ ക്യാമ്പുകളിൽ വേണ്ടത്ര ടോയ്‌ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും, അവിടങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിഷ്കർഷിക്കുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രോട്ടോക്കോൾ തയ്യാറാക്കി അവ സംഘടിപ്പിക്കുന്നതിനും, അതത് സമയങ്ങളിൽ വിവിധങ്ങളായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ട ശാസ്ത്രീയ നിർദേശങ്ങൾ നൽകുന്നതിനും മറ്റ് ഏജൻസികളുടെ സഹായത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ശുചിത്വ മിഷൻ നിർവ്വഹിച്ചത്.

## *സുപ്രധാന ഇടപെടലുകൾ – ഒറ്റ നോട്ടത്തിൽ*

- തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംയോജിത ഫ്ളഡ് കൺട്രോൾ റീലീഫ് യൂണിറ്റിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ
- ദുരിതാശ്വാസ ക്യാമ്പുകളിൽ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പു വരുത്തി
- ശുചീകരണവുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ
- മൃഗങ്ങളുടെ മൃതശരീരങ്ങൾ മറവ് ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ
- ശുചീകരണം, മാലിന്യ സംസ്കരണം, മാലിന്യ ശേഖരണം ഇവയുടെ ഏകോപനം
- അജൈവമാലിന്യങ്ങളും ഇ-മാലിന്യങ്ങളും ശേഖരിക്കുന്നതിന് ക്ലീൻകേരള കമ്പനിക്ക് പുറമേ ഹരിതസഹായ സ്ഥാപനങ്ങൾ, സ്ക്രാപ്പ് ഡീലേഴ്സ് എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും സേവനം ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനം
- ബ്ളീച്ചിംഗ് പൗഡർ, ഇനാക്കുലം, സാനിട്രീറ്റ്, ഗ്ലൗസുകൾ മറ്റ് രക്ഷാ ഉപകരണങ്ങൾ എന്നിവ ജില്ലകൾക്ക് ലഭിക്കുന്നതിനുള്ള ഏകോപനം
- വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ
- വെള്ളപ്പൊക്കംമൂലം ഉപയോഗശൂന്യമായ പൊൺതുസ്ഥലങ്ങൾ/ സ്കൂളുകൾ എന്നിവിടങ്ങളിലെ ശൗചാലയങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള തുക ചെലവഴിക്കുന്നതിന് നിർദ്ദേശം
- ശുചിത്വ സ്ക്വാഡുകളുടെ നേതൃത്വത്തിൽ നടന്ന തീവ്ര ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപനം


ആദ്യം സംസ്കരിക്കേണ്ടത് ജൈവമാലിന്യം



# 1 ദുരിതാശ്വാസ ക്യാമ്പുകളിൽ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പു വരുത്തി

- മഹാപ്രളയത്തിനു മുൻപ്  ആലപ്പുഴ-കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകളിൽ 80ലധികം ബയോടോയ്‌ലറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുകയും, ടാങ്കുകളിൽ നിറയുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ദിനംപ്രതി നീക്കം ചെയ്യുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്തു.



*കുട്ടനാട്ടിൽ സ്ഥാപിച്ച ബയോടോയ്‌ലറ്റുകൾ*

- 10.08.2018 ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയ സർക്കാർ ഉത്തരവിനുശേഷം പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് തുടങ്ങിയ എല്ലാ ക്യാമ്പുകളും സന്ദർശിച്ച് ശുചിത്വവും- മാലിന്യസംസ്കരണവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.



***മാലിന്യശേഖരണത്തിനായുള്ള ബിന്നുകളുടെ ക്രമീകരണവും, സന്നദ്ധ പ്രവർത്തകർക്കായുള്ള പരിശീലനവും - പാലക്കാട്***

- ക്യാമ്പുകളുടെ എണ്ണം വർദ്ധിച്ചതോടെ കൂടുതൽ ടോയ്‌ലറ്റുകൾ പ്രാദേശിക സാങ്കേതമുപയോഗിച്ചു നിർമ്മിക്കുന്നതിനും യൂണിസെഫ് പോലെയുള്ള ഏജൻസികളുമായും, സ്വകാര്യ ഏജൻസികളുമായും ബന്ധപ്പെട്ട് ബയോടോയ്‌ലറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ക്യാമ്പുകളിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. 300ലധികം ടോയ്‌ലറ്റുകൾ ഇപ്രകാരം ലഭ്യമാക്കി



***ആലപ്പുഴയിലെ ക്യാമ്പ് സൈറ്റുകളിൽ സ്ഥാപിച്ച ബയോടോയ്‌ലറ്റുകൾ***

- ക്യാമ്പുകളിൽ സ്ഥാപിച്ച ബയോടോയ്‌ലറ്റ്  ടാങ്കുകൾ വേഗത്തിൽ നിറഞ്ഞു കവിയുന്ന സാഹചര്യത്തിൽ ആലപ്പുഴയിലും , ചെങ്ങന്നൂരും  ടാങ്കുകളിലെ സീവേജ് ജലം ശേഖരിച്ച് ടാങ്കറുകളിൽ എറണാകുളം വെല്ലിംഗ്ടൺ  ഐലന്റിൽ സ്ഥാപിച്ചിട്ടുള്ള സെപ്‌റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു.   കൂടുതൽ സീവേജ് വേസ്റ്റ് സംസ്കരിക്കേണ്ട നിലയെത്തിയപ്പോൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ ചേർത്തല വാരനാട് മക്ഡവൽ കമ്പനി, ഹരിപ്പാട് എൻ.ടി.പി.സി എന്നിവിടങ്ങളിലെ മലിനജല സംസ്കരണ പ്ളാന്റ്, ആലപ്പുഴ മെഡിക്കൽ കോളേജിലെ സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ സംസ്കരണ സംവിധാനം ലഭ്യമാക്കി




- ഓരോ ക്യാമ്പിലും അഴുകുന്ന മാലിന്യങ്ങൾ കമ്പോസ്റ്റ് കുഴി ഉപയോഗപ്പെടുത്തി സംസ്കരിക്കുന്നതിനും അഴുകാത്ത മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും വ്യവസ്ഥയുണ്ടാക്കുന്നതിന് സഹായിച്ചു. ക്യാമ്പുകളുടെ ശുചിത്വ സ്ഥിതി നിരന്തരം നിരീക്ഷിച്ച് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ശുചീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.




***മാലിന്യം വേർതിരിക്കൽ പ്രക്രീയയിൽ ഏർപ്പെട്ടിരിക്കുന്ന പാലക്കാട് ജില്ലാ ശുചിത്വമിഷൻ ടീം***

# 2 ശുചീകരണവുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ

- 17.08.2018 ദുരിതാശ്വാസ ക്യാമ്പുകളിലും, വീടുകളിലും, പൊതുയിടങ്ങളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര പ്രവർത്തനങ്ങൾ സംബന്ധിച്ച് 20 ഇന പ്രവർത്തന മാർഗനിർദ്ദേശങ്ങൾ ജില്ല ശുചിത്വ മിഷൻ ടീമിന് നൽകുകയും അവയുടെ പ്രവർത്തന പുരോഗതി തുടർ ദിവസങ്ങളിൽ അവലോകനം ചെയ്യുകയുമുണ്ടായി.
- 18.08.2018 ന് ജില്ലാ ശുചിത്വ മിഷൻ ടീം ശുചീകരണ പ്രവർത്തനം എപ്രകാരം സംഘടിപ്പിക്കണമെന്ന് കാണിച്ച് വിശദമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പ് 17.08.2018 ൽ ശുചീകരണമുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമാക്കി ഇറക്കിയ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷൻ നൽകിയ അഡ്വൈസറി സഹായകമാക്കുകയുണ്ടായി.
- ഫീൽഡ് തലത്തിൽ ശുചീകരണ മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാങ്കേതികമായും ശാസ്ത്രീയമായിട്ടുള്ള മാലിന്യ പരിപാലന നിർദ്ദേശങ്ങൾ ശുചിത്വ മിഷൻ നൽകുകയുണ്ടായി.





# 3 ഗ്രീൻ പ്രോട്ടോക്കോൾ പാലനം

പരമാവധി മാലിന്യം കുറക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ക്യാമ്പുകളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും മറ്റുമുപയോഗിച്ച് അജൈവ മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനുള്ള പ്രേരണാ നടപടികൾ സ്വീകരിക്കുകയും ചെയ്തു.



***റിലീഫ് ക്യാമ്പുകളിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ സ്റ്റീൽ ഗ്ലാസ്, പ്ലേറ്റുകളുടെ വിതരണം***

# 4 മൃഗങ്ങളുടെ മൃതശരീരങ്ങൾ മറവ് ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ

20.08.2018 ന് മൃഗങ്ങളുടേയും ജന്തുക്കളുടേയും ശവശരീരങ്ങൾ അടിയന്തിരമായും സുരക്ഷിതമായും നിർമാർജനം ചെയ്യുന്നതിന് വിശദമായ പ്രോട്ടോക്കോൾ തയാറാക്കി പ്രചരിപ്പിച്ചു. (അനുബന്ധം) ഈ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ ആയി പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് മൃഗങ്ങളുടേയും ജന്തുക്കളുടേയും ശവശരീര സംസ്കരണം വേഗത്തിൽ നടക്കുന്നു എന്നുറപ്പാക്കുന്നതിന് നിത്യേന പ്രവർത്തന പുരോഗതി വിലയിരുത്തി.



***ശുചിത്വമിഷന്റെ ഏകോപനത്തിൽ തൃശൂർ ജില്ലയിലെ ചേർപ്പിൽ മറവ് ചെയ്യുന്നതിനായി മൃഗ മൃതശരീരങ്ങൾ ശേഖരിക്കുന്നു***

# 5 ഏകോപന പ്രവർത്തനങ്ങൾ

16.08.2018 ൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം എല്ലാ ശുചിത്വ മിഷൻ ഉദ്യോഗസ്ഥരുടേയും സേവനം നിർബന്ധിതമായി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അതത് കളക്ടറേറ്റുകളിൽ ലഭ്യമാക്കി. കൺട്രോൾ റൂമുകളിലും, ക്യാമ്പ് സജ്ജീകരിക്കുന്നതിലും, ക്യാമ്പിലെ ശുചിത്വ ക്രമീകരണം ഉറപ്പാക്കുന്നതിലും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും ജില്ലാ ശുചിത്വ മിഷൻ ഉദ്യോഗസ്ഥർ പൂർണ്ണ സമയ പ്രവർത്തനത്തിൽ ഏർപ്പെട്ടു


16.08.2018 മുതൽ തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആരംഭിച്ച സെല്ലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാന ശുചിത്വ മിഷന് നലകിയ ചുമതലകൾ സമയബന്ധിതമായി നിർവഹിച്ചു. ഇതിന്റെ ഭാഗമായി 18.08.2018 ന് ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന ശുചിത്വമിഷനിൽ കൺട്രോൾ റൂം തുറന്ന് പ്രവർത്തനം ആരംഭിച്ചു.

18.08.2018 മുതൽ എല്ലാ ദിവസവും സംസ്ഥാന ശുചിത്വ മിഷൻ, ജില്ലാ ശുചിത്വ മിഷൻ ഓഫീസുകൾ തുറന്നു പ്രവർത്തിക്കുകയും ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപനവും സംഘാടനവും നടത്തുകയുമുണ്ടായി.



പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിനുള്ള ഫോർമാറ്റ് തയ്യാറാക്കുന്നതിനും ഓരോ ദിവസവുമുള്ള അവലോകന യോഗങ്ങളിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ സ്വീകരിച്ച് ജില്ലകൾക്ക് ലഭ്യമാക്കിയും ജില്ലകളിലെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തും ശുചീകരണ പ്രക്രിയയുടെ ഫലപ്രദമായ ഏകോപനം സാധ്യമാക്കി

21.08.2018 മുതൽ 6 ദിവസത്തേക്ക് എല്ലാ ദിവസവും രാവിലെ അന്നേ ദിവസം മുൻഗണനാ ക്രമത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ 'voice message' ആയി രാവിലെ തന്നെ ശുചിത്വമിഷൻ ടീമിന് ജില്ലാ മിഷനുകൾക്ക് ലഭ്യമാക്കി പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.




ശുചീകരണ സാമഗ്രികളായ ഇനോക്കുലം, Odour control substances, ബ്ലീച്ചിംഗ് പൗഡർ, ഫിനോയിൽ , കുമ്മായം മറ്റു ക്ളീനിംഗ് വസ്തുക്കൾ (ഗംബൂട്ട്, ഗ്ളൗസ്, മാസ്ക്) എന്നിവ കൃത്യസമയത്ത് പ്രളയ ബാധിത ജില്ലകളിൽ എത്തിയ്ക്കുന്നതിനുള്ള ശ്രമവും ശുചിത്വ മിഷൻ ആസ്ഥാനത്തെ കൺട്രോൾ റൂം വഴി സാധ്യമാക്കി.

സംസ്ഥാന ശുചിത്വ മിഷനിൽ ആരംഭിച്ച് കൺട്രോൾ റൂമിൽ ശുചീകരണവും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളും നിർദ്ദേശവും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും പരിഹാര നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.



# 6 മാലിന്യ ശേഖരണവും സംസ്കരണവും

1. ദുരിതാശ്വാസ ക്യാമ്പുകളിലെ ജൈവ മാലിന്യങ്ങൾവെള്ളക്കെട്ടില്ലാത്ത സ്ഥലത്ത്സംസ്കരിക്കുന്നതിന് നടപടി സ്വികരിക്കുവാൻ വേണ്ടനിർദ്ദേശവുംസഹായവും ലഭ്യമാക്കി.
2. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ പരിസരത്ത്വെള്ളക്കെട്ട് ഇല്ലാ എന്ന്ഉറപ്പാക്കുന്നതിനും, മലിനജലം ഒഴുക്കി വിടാൻ പറ്റാത്ത വെള്ളളക്കെട്ടുള്ള പ്രദേശങ്ങളിൽകൊതുക് നിവാരണമാർഗ്ഗംസ്വീകരിക്കുവാനും നിർദ്ദേശംനൽകുകയുംതുടർ നിരീക്ഷണം നടത്തുകയുമുണ്ടായി.
3. ക്യാമ്പുകളിലും വാസസ്ഥലങ്ങളിലുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾശേഖരിച്ച്ചാക്കിൽകെട്ടി സൂക്ഷിക്കുവാനും അവ ക്ലീൻ കേരള കമ്പനിക്ക്കൈമാറുന്നതിനുമുള്ള നടപടി സ്വീകരിച്ചു.

വീടുകളിലും പൊതുസ്ഥലങ്ങളിൽ നിന്നും ശേഖരിച്ച 4690 ടൺ അജൈവമാലിന്യം ആദ്യഘട്ടത്തിൽ 140 ഇടങ്ങളിലായി മാറ്റി വയ്ക്കുകയും 4038 ടൺ മാലിന്യം 74 സ്ഥലങ്ങളിൽ താൽക്കാലികമായി സംഭരിക്കുകയും ചെയ്തു. ഇതിൽ 4 എണ്ണം പത്തനംതിട്ടയിലും 6 എണ്ണം ആലപ്പുഴയിലും 5 എണ്ണം കോട്ടയത്തും, 26 എണ്ണം എറണാകുളത്തും, 7 എണ്ണം തൃശൂരും, 26 എണ്ണം വയനാട്ടിലുമാണ്. വയനാട്ടിൽ ശേഖരിച്ച മൊത്തം മാലിന്യവും റീസൈക്ലിംഗിനായി കേരളസ്ക്രാപ് മർച്ചന്റ്സ് അസോസിയേഷൻ വഴി ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറി. പത്തനംതിട്ടയിൽ 4 ഇടങ്ങളിലായി ശേഖരിച്ചിരുന്ന 195 ടൺ മാലിന്യം ക്ലീൻകേരള കമ്പനി വഴി പുന:ചംക്രമണത്തിനായി ക്രിസ് ഗ്ലോബലിന് കൈമാറി. കോട്ടയത്ത് ശേഖരിച്ച 15 ടണ്ണോളം മാലിന്യം ക്ലീൻകേരള കമ്പനിക്ക് കൈമാറുകയും അവ ഷ്രഡിംഗിനായി നീണ്ടകരയിലേക്ക് കൊണ്ടുപോയി. എറണാകുളം ജില്ലയിൽ 26 ഇടങ്ങളിലായി മാറ്റി വച്ചിരുന്ന 3091 ടൺ മാലിന്യം 1600 ട്രക്ക്കളിലായി (ഏകദേശം 2810 ടൺ) ക്ലീൻ കേരള കമ്പനിയുംഅതാത്തദ്ദേശസ്ഥാപനങ്ങളും ബ്രഹ്മപുരം ഡംപിംഗ് യാർഡിലേക്ക്മാറ്റി. ഇതിനെല്ലാം പുറമേ 1200 ടൺ മാലിന്യം ശാസ്ത്രീയലാന്റ് ഫില്ലിംഗിനായികേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് പേമെന്റ് നൽകികൈമാറി. തൃശൂരിൽ വിവിധ ഇടങ്ങളിലായി സൂക്ഷിച്ചിരുന്ന 556 ടൺ മാലിന്യം പുന:ചംക്രമണ ഏജൻസികൾക്കായി കൈമാറി. ശേഖരിച്ച് മാറ്റി വച്ചിരുന്ന 90% അജൈവമാലിന്യങ്ങളും കേന്ദ്രീകൃത ഇടങ്ങളിലേക്ക് മാറ്റുകയുണ്ടായി.

## പ്രളയബാധിത ജില്ലകളിൽ നിന്ന് ശേഖരിച്ചതും, KEIL ലേയ്ക്ക് കൈമാറിയതുമായ അജൈവ മാലിന്യത്തിന്റെ അളവ്

| ജില്ല | ശേഖരിച്ച അജൈവ മാലിന്യത്തിന്റെ അളവ് (ടണ്ണിൽ) | KEIL ലേയ്ക്ക് കൈമാറിയ അജൈവ മാലിന്യത്തിന്റെ അളവ് (ടണ്ണിൽ) |
|---|---|---|
| പത്തനംതിട്ട | 1850 | 700 |
| ആലപ്പുഴ | 864.24 | 106 |
| കോട്ടയം | 44.02 | |
| എറണാകുളം | 10510 | 1150 |
| തൃശ്ശൂർ | 4109 | 3800 |
| പാലക്കാട് | 48.5 | |
| മലപ്പുറം | 23 | |
| കോഴിക്കോട് | 172.6 | |
| വയനാട് | 636.385 | |
| ആകെ | **18257.745** | **5756** |

# 7 പുനർ നിർമ്മാണ പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ വെള്ളപ്പൊക്കത്തിൽ പൂർണ്ണമായി നശിച്ചു പോയതും, ഉപയോഗശൂന്യമായതുമായ വീടുകളുടെ ശൗചാലങ്ങളുടെ പ്രാഥമിക കണക്കെടുപ്പ് നടത്തിയതിൽ നിന്ന് 1,19,834 ശൗചാലയങ്ങൾ പുനർനിർമ്മിക്കേണ്ടതുണ്ടെന്ന് കണ്ടെത്തി. കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ ശൗചാലയ പുനർനിർമ്മാണത്തിനു നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിന് കന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ശൗചാലയ പുനർ നിർമ്മാണത്തിനു 15,400 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 185.52 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനായി നൽകിയിട്ടുണ്ട്.

## പ്രളയത്തെ തുടർന്ന് നഗരമേഖലകളിൽ പ്രവർത്തനരഹിതമായ ടോയ്‌ലറ്റുകളുടെ എണ്ണം - ശുചിത്വമിഷൻ ശേഖരിച്ച കണക്ക്

| ക്രമ ന: | ജില്ല | ബാധിച്ച നഗര സഭകളുടെ എണ്ണം | ബാധിച്ച വാർഡുകളുടേ എണ്ണം | വീടുകളിൽ ഉപയോഗ യോഗ്യമല്ലാതായി മാറിയ ടോയ്‌ലറ്റുകൾ |
|---|---|---|---|---|
| 1 | കൊല്ലം | 1 | 21 | 75 |
| 2 | പത്തനംതിട്ട | 3 | 82 | 2003 |
| 3 | ആലപ്പുഴ | 5 | 114 | 4174 |
| 4 | കോട്ടയം | 4 | 144 | 1061 |
| 5 | ഇടുക്കി | 2 | 23 | 151 |
| 6 | എറണാകുളം | 8 | 186 | 686 |
| 7 | തൃശ്ശൂർ | 7 | 225 | 1388 |
| 8 | മലപ്പുറം | 5 | 115 | 513 |
| 9 | പാലക്കാട് | 5 | 38 | 362 |
| 10 | കോഴിക്കോട് | 1 | 15 | 8 |
| 11 | വയനാട് | 3 | 44 | 111 |
| | ആകെ | **44** | **1007** | **10532** |

## പ്രളയത്തെ തുടർന്ന് ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തനരഹിതമായ ടോയ്‌ലറ്റുകളുടെ എണ്ണം - ശുചിത്വമിഷൻ ശേഖരിച്ച കണക്ക്

| ക്രമ നം. | ജില്ല | വില്ലേജുകളുടെ എണ്ണം | പ്രവർത്തനരഹിതമായ ടോയ്‌ലറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | പത്തനംതിട്ട | 70 | 12936 |
| 2 | ആലപ്പുഴ | 93 | 39886 |
| 3 | കോട്ടയം | 100 | 7926 |
| 4 | ഇടുക്കി | 67 | 1957 |
| 5 | എറണാകുളം | 127 | 4078 |
| 6 | തൃശൂർ | 255 | 8448 |
| 7 | മലപ്പുറം | 53 | 3766 |
| 8 | പാലക്കാട് | 86 | 2132 |
| 9 | കോഴിക്കോട് | 20 | 148 |
| 10 | വയനാട് | 49 | 1846 |
| 11 | കൊല്ലം | 37 | 216 |
| 12 | കണ്ണൂർ | 24 | 167 |
| | ആകെ | **981** | **83506** |

# പ്രവർത്തനരഹിതമായ ഗാർഹികതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ

| ക്രമ നം. | ജില്ല | തദ്ദേശ സ്വയം ഭരണസ്ഥാപന ങ്ങളുടെ എണ്ണം | വീടുകളുടെ എണ്ണം | പൈപ്പ് കമ്പോസ്റ്റ് | ബയോ ഗ്യാസ് പ്ലാന്റുക ളുടെ എണ്ണം | കുഴി കമ്പോസ്റ്റു കളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | പത്തനംതിട്ട | 57 | 61843 | 8349 | 1391 | 16698 |
| 2 | ആലപ്പുഴ | 78 | 71603 | 9666 | 1611 | 19333 |
| 3 | കോട്ടയം | 77 | 84763 | 11443 | 1907 | 22886 |
| 4 | ഇടുക്കി | 26 | 5478 | 740 | 123 | 1479 |
| 5 | എറണാകുളം | 96 | 216971 | 29291 | 4882 | 58582 |
| 6 | തൃശൂർ | 94 | 129193 | 17441 | 2907 | 34882 |
| 7 | മലപ്പുറം | 34 | 14251 | 1924 | 321 | 3848 |
| 8 | പാലക്കാട് | 44 | 6350 | 857 | 143 | 1715 |
| 9 | കോഴിക്കോട് | 55 | 18055 | 2437 | 406 | 4875 |
| 10 | വയനാട് | 26 | 10336 | 1395 | 233 | 2791 |
| 11 | കൊല്ലം | 14 | 1816 | 245 | 41 | 490 |
| 12 | കാസർകോഡ് | 6 | 1505 | 203 | 34 | 406 |
| 13 | കണ്ണൂർ | 14 | 2112 | 285 | 48 | 570 |
| 14 | തിരുവനന്തപുരം | 14 | 3429 | 463 | 77 | 926 |
| | **ആകെ** | **635** | **627705** | **84739** | **14124** | **169481** |

## പ്രവർത്തനരഹിതമായ കമ്യൂണിറ്റിതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ

| ക്രമ നം. | ജില്ല | തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളുടെ എണ്ണം | പ്ലാസ്റ്റിക് ഷ്രെഡി ംഗ് യൂണിറ്റു കളുടെ എണ്ണം | ആർ.ആർ. എഫ് യൂണിറ്റു കളുടെ എണ്ണം | എയ്റോ ബിക് സംവി ധാനങ്ങ ളുടെ എണ്ണം | കമ്യൂ ണിറ്റി തല ബയോ ഗ്യാസ് സംവിധാ നങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | പത്തനംതിട്ട | 57 | 4 | 4 | 3 | 15 |
| 2 | ആലപ്പുഴ | 78 | 6 | 6 | 24 | 25 |
| 3 | കോട്ടയം | 77 | 3 | 3 | 5 | 17 |
| 4 | ഇടുക്കി | 26 | 2 | 2 | 2 | 14 |
| 5 | എറണാകുളം | 96 | 6 | 6 | 10 | 12 |
| 6 | തൃശൂർ | 94 | 6 | 6 | 16 | 28 |
| 7 | മലപ്പുറം | 34 | 1 | 1 | 3 | 18 |
| 8 | പാലക്കാട് | 44 | 1 | 1 | 3 | 10 |
| 9 | കോഴിക്കോട് | 55 | 1 | 1 | 3 | 10 |
| 10 | വയനാട് | 26 | 2 | 2 | 4 | 8 |
| 11 | കൊല്ലം | 14 | 1 | 1 | 2 | 5 |
| 12 | കാസർകോഡ് | 6 | 1 | 1 | 8 | 6 |
| 13 | കണ്ണൂർ | 14 | 1 | 1 | 4 | 5 |
| 14 | തിരുവനന്തപുരം | 14 | 1 | 1 | 8 | 9 |
| **ആകെ** | | **635** | **36** | **36** | **95** | **182** |

വെള്ളപ്പൊക്കത്തിൽ നശിച്ചുപോയ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ പുതുക്കി പണിയുന്നതിന് 251.13 കോടിയുടെ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രാഥമികമായി കണക്കെടുത്തപ്പോൾ സംസ്ഥാനത്താകെ 2,19,697 ഗാർഹിക കമ്പോസ്റ്റ് ഉപാധികളും, 14,123 ഗാർഹിക ബയോഗ്യാസ് സംവിധാനവും 1,69,480 ഗാർഹിക കമ്പോസ്റ്റ് പിറ്റുകളും പൂർണ്ണമായി നശിച്ച് പോയിട്ടുണ്ട് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് പ്രൊപ്പോസൽ തയ്യാറാക്കിയത്. സംസ്ഥാനത്താകെ 36 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും 36 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും 95 തുമ്പൂർമൂഴി കമ്പോസ്റ്റ് സംവിധാനവും 182 കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് സംവിധാനവും, 635 സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന സംവിധാനവും നശിച്ചു പോയിട്ടുണ്ട് എന്നുള്ള ധാരണയിലാണ് പുനർ നിർമ്മാണത്തിനുള്ള ഫണ്ടിനു പദ്ധതി നിർദ്ദേശം നൽകിയിട്ടുള്ളത്.

- പ്രളയക്കെടുതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ശേഖരിച്ച അജൈവമാലിന്യങ്ങളുടെ സുരക്ഷിത സംസ്കരണം കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ ഏൽപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്

- പ്രളയത്തിൽപ്പെട്ട പ്രദേശങ്ങളിലെ പൊതുസ്ഥാപനങ്ങളിൽ ശൗചാലയങ്ങൾ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ശുചിത്വ-മാലിന്യപരിപാലന പ്രവർത്തികൾക്കായി വകയിരുത്തിയ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കായി നിർദ്ദേശം സർക്കാരിന്റെ പരിഗണനയ്ക്കായി നൽകി.

- ശുചിത്വ മിഷന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും സംബന്ധിച്ച നടപടികൾക്കായി നിർദ്ദേശം നൽകി. പരമാവധി 100 ലക്ഷം രൂപ ഇത്തരത്തിൽ ചെലവഴിക്കാവുന്നതാണ്.

- സ്വച്ഛ് ഭാരത് മിഷൻ (അർബൻ) സഹായത്തോടെ പ്രളയത്തിൽ നശിച്ച നഗര സഭകളിലെ വ്യക്തിഗത ശൗചാലയങ്ങൾ പുനർനിർമ്മിക്കുന്നതിനും സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം നൽകുന്നതിനുള്ള ഉത്തരവുകൾക്കായി നിർദ്ദേശം സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

- സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ ലഭിച്ച ഇൻസെന്റീവ് ഗ്രാന്റ് തുക (56.30 കോടി രൂപ) ശൗചാലയങ്ങളുടെ പുനർ നിർമ്മാണത്തിനു പൂർണ്ണമായും ഉപയോഗിക്കുന്നതിന് സർക്കാർ അംഗീകരിച്ച മാർഗ്ഗ രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.


# 8 പ്രളയാനന്തരം ശുചിത്വമിഷൻ നടപ്പിലാക്കിയ വിവിധ വിവര-വിജ്ഞാന- വ്യാപന പ്രവർത്തനങ്ങൾ



1. വീടുകൾ, പരിസരങ്ങൾ ശുചീകരിക്കുന്ന വേളയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ബിറ്റ് നോട്ടീസിലൂടെ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്തു.
2. ഓരോ ദിവസവും പ്രാമുഖ്യം നൽകി ചെയ്യേണ്ട പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ വോയ്സ് സന്ദേശമായി വാട്ട്സ് ആപ് ഗ്രൂപ്പുകളിലൂടെ പ്രചരിപ്പിച്ചു
3. ശുചിത്വമിഷൻ ടീം ക്യാമ്പുകൾ സന്ദർശിക്കുകയും വീടുകൾ, കിണറുകളുടെ ശുചീകരണം, മാലിന്യ സംസ്കരണം എന്നീ കാര്യങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നടത്തി



4. കിണറുകൾ ശുചീകരിക്കുന്ന രീതി, മൃഗ മൃതശരീരം മറവു ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്നിവ ലഘു വീഡിയോ/അനിമേഷൻ ചിത്രങ്ങൾ തയ്യാറാക്കി വാട്ട്സ് ആപിലൂടെയും ഫെയ്സ്ബുക്കിലൂടെയും വ്യാപകമായി പ്രചരിപ്പിച്ചു. ഇത് സന്നദ്ധ പ്രവർത്തകരെ ശുചീകരണ വേളയിൽ വളരെയധികം സഹായിച്ചു







## കിണർ ക്ലോറിനേറ്റ് ചെയ്യുന്ന വിധം

- സാധാരണ ക്ലോറിനേഷന് 1000 ലിറ്റർ ജലത്തിന് 2.5 ഗ്രാം ബ്ലീച്ചിംഗ് പൗഡർ എന്ന നിരക്കിൽ ആവശ്യമു
- രോഗ ബാധയുള്ള സമയങ്ങളിലും, പ്രളയാനന്തരവും സൂപ്പർ ക്ലോറിനേഷനാണ് നടത്തേ ത്

സൂപ്പർ ക്ലോറിനേഷൻ ചെയ്യുവാൻ 1000 ലിറ്റർ ജലത്തിനു 4 ഗ്രാം/ 5 ഗ്രാം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കണം


കിണറിലെ ജലത്തിന്റെ വ്യാപ്തം കണ്ടുപിടിക്കുക

$$\frac{3.14 \times D \times D \times H}{4} \times 1000$$

D = കിണറിന്റെ വ്യാസം മീറ്ററിൽ

H = കിണറിലെ ജലത്തിന്റെ ഉയരം മീറ്ററിൽ


ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ ഒരു ബക്കറ്റിൽ കുറച്ചു വെള്ളത്തിൽ കലക്കി ഒരു നേർത്ത കുഴമ്പു രൂപത്തിലാക്കുക.
ഏകദേശം നാലിൽ മൂന്ന് ഭാഗം വെള്ളം ആകത്തക്കവിധം ബക്കറ്റിൽ വെള്ളം നിറയ്ക്കുക
ഊറിത്തെളിഞ്ഞ ക്ലോറിൻ ലായനി ഒരു തൊട്ടിയിലേക്കോ മറ്റൊരു ബക്കറ്റിലേക്കോ ഒഴിച്ച് കിണറിലേയ്ക്ക് താഴ്ത്തി ശക്തിയായി മുകളിലേയ്ക്കും താഴേയ്ക്കും വിലങ്ങനേയും കുലുക്കി കിണറിലെ വെള്ളവുമായി യോജിപ്പിക്കുക. ഇത് പല പ്രാവശ്യം
ഒരു മണിക്കൂർ സമയം (കോൺടാക്ട് ടൈം) വെള്ളം ഇളകാതെ സൂക്ഷിക്കുക. അതിന് ശേഷം വെള്ളം ഉപയോഗിക്കാം.





5. കൂടാതെ കിണറുകളുടെ ശുചീകരണം, മൃഗമൃത ശരീരം മറവു ചെയ്യൽ, വീടുകളുടെ ശുചീകരണം എന്നിവ സംബന്ധിച്ച ഫ്ളോചാർട്ടുകൾ തയ്യാറാക്കി വോളണ്ടിയർമാർക്കും ഉദ്യോഗസ്ഥർക്കും നൽകി


6. ആകാശവാണിയിലൂടെ സെപ്റ്റംബർ 1 ന് തുടങ്ങി 30 ദിവസത്തേയ്ക്ക് പ്രളയാനന്തര ശുചീകരണവുമായി ബന്ധപ്പെട്ട് 5 മിനിട്ട് ദൈർഘ്യമുള്ള പരിപാടി ദിവസേന സംപ്രേക്ഷണം ചെയ്തു.

7. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ സന്ദേശം ആകാശവാണിയിലൂടെ ഇടയ്ക്കിടയ്ക്ക് നൽകുകയുണ്ടായി

8. താഴെ പറയുന്ന വിഷയങ്ങളിൽ ലഘു വീഡിയോ/അനിമേഷൻ ചിത്രങ്ങൾ നിർമ്മിച്ച് ദൂരദർശൻ, വിക്ടേഴ്സ് ചാനൽ എന്നിവയിലൂടെ സംപ്രേക്ഷണം ചെയ്തു. കൂടാതെ വാട്ട്സ് ആപ് വഴിയും ഫെയ്സ് ബുക്ക് വഴിയും പ്രചരിപ്പിച്ചു.

   1. മാലിന്യം വേർതിരിക്കൽ
   2. മൃഗമൃത ശരീരം മറവു ചെയ്യൽ
   3. പ്രളയാനന്തരം അഴുകുന്ന മാലിന്യങ്ങളുടെ കമ്പോസ്റ്റിംഗ്
   4. അജൈവ മാലിന്യ പരിപാലനം
   5. ഇലക്ട്രോണിക് മാലിന്യം, അപകടകരമായ മാലിന്യം കൈകാര്യം ചെയ്യൽ
   6. കമ്പോസ്റ്റിംഗ് – വീടുകളിൽ ചെയ്യാവുന്നത്
   7. മാലിന്യ പരിപാലനത്തിലൂടെ എലിപ്പനി നിയന്ത്രണം
   8. അജൈവ മാലിന്യ ശേഖരണ കേന്ദ്രം, റിസോഴ്സ് റിക്കവറി കേന്ദ്രം
   9. സ്ഥാപന, കമ്യൂണിറ്റിതല കമ്പോസ്റ്റിംഗ്
   10. ഗ്രീൻ പ്രോട്ടോകോൾ





9. ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പോസ്റ്ററുകളും തയ്യാറാക്കി. സോഷ്യൽ മീഡിയ, വെബ്സൈറ്റുകളിലൂടെ പ്രചരിപ്പിച്ചു.

# 9 ശുചീകരണ പ്രവർത്തനങ്ങൾ – ജില്ലകളിലൂടെ

പ്രളയം സാരമായി ബാധിച്ച ജില്ലകളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ ശുചിത്വമിഷൻ സജീവ പങ്കാളികളാകുകയും ശുചീകരണ സാമഗ്രികൾ യഥാസമയം അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങളും നടത്തി. കൂടാതെ ദുരിതാശ്വാസ ക്യാമ്പുകൾ ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ നടത്തുന്നതിനു വേ സഹായവും ഖര മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്കുള്ള ഏകോപന പ്രവർത്തനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ക്ളീൻ കേരള കമ്പനിയുമായി ചേർന്ന് നടത്തി.

## പത്തനംതിട്ട

***പത്തനംതിട്ട ജില്ലയിൽ വെള്ളം കയറിയ 56012 വീടുകൾ, 1234 പൊതു സ്ഥലങ്ങൾ, 15650 കിണറുകൾ, 10547 മീറ്റർ ഓടകൾ എന്നിവ ശുചിയാക്കി. ഇതുവരെ 194226 കിലോ ഗ്രാം ജൈവമാലിന്യങ്ങൾ സംസ്കരിച്ചു. ഇതുവരെ 53938 കിലോ ഗ്രാം അജൈവ മാലിന്യങ്ങൾ ശേഖരിച്ചു. ചെറുമൃഗങ്ങൾ, പക്ഷികൾ ഉൾപ്പെടെ നഗരസഭകളിലും പഞ്ചായത്തുകളിൽ നിന്നുമായി ലഭിച്ച 15590 മൃഗങ്ങളുടെ ജഡങ്ങൾ സംസ്കരിച്ചു.***





പ്രളയബാധിത മേഖലയിൽ ജില്ലാ ശുചിത്വമിഷന്റെയും കോഴഞ്ചേരി സെന്റ് തോമസ് കോളേജിന്റെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. കോളേജിലെ നൂറിലധികം വിദ്യാർത്ഥികളുടെ വീടുകളിൽ വെള്ളം കയറി സാധനങ്ങൾ ഉപയോഗശൂന്യമായിരുന്നു. ജില്ലാ ശുചിത്വമിഷനുമായി ചേർന്ന് കോളേജ് എൻ. സി. സി, എൻ. എസ്. എസ്, യൂണിറ്റുകളുടെയും സഹകരണത്തോടെയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്.

300ലധികം വിദ്യാർത്ഥികളും അധ്യാപകരും 15 ഗ്രൂപ്പുകളായി തിരിഞ്ഞ് റാന്നി, കോഴഞ്ചേരി, അയിരൂർ, ആറന്മുള, ഇടയാറന്മുള, മേലൂകര, തെക്കേമല, ആറാട്ടുപുഴ, ചെങ്ങന്നൂർ, പാണ്ടനാട്, തോട്ടപുഴശ്ശേരി, പൂവത്തൂർ, കോയിപ്രം, പുല്ലാട് എന്നീ പ്രദേശങ്ങളിലെ വീടുകളിൽ ശുചീകരണം നടത്തി.

സെപ്റ്റംബർ 2ന്റെ കണക്കനുസരിച്ച് ജില്ലയിലെ പ്രളയബാധിത മേഖലയിൽ നിന്ന് ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ എന്നിവരുടെ നേതൃത്വത്തിൽ 50 ടൺ അജൈവമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ക്ലീൻ കേരള കമ്പനിയുടെയും സഹകരണത്തോടെ നീക്കം ചെയ്തു. ക്രിസ് ഗ്ലോബൽ എന്ന കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

യുണിസെഫിന്റെ സഹകരണത്തോടെ ശുചിത്വമിഷൻ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു.

## ആലപ്പുഴ

***ആലപ്പുഴ ജില്ലയിൽ ഒരു ലക്ഷത്തിലധികം സന്നദ്ധ പ്രവർത്തകർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ആലപ്പുഴ കളക്ടറേറ്റ്, ചെങ്ങന്നൂർ താലൂക്ക് ഓഫീസ് എന്നിവ കേന്ദ്രീകരിച്ച് ശുചിത്വമിഷൻ ഹെൽപ് ഡസ്കുകൾ പ്രവർത്തിക്കുന്നുണ്ട്.***

കുട്ടനാട്ടിലെ മഹാശുചീകരണ യജ്ഞത്തിൽ മന്ത്രിമാരായ ഡോ. ടി. എം. തോമസ് ഐസക്ക്, ശ്രീ. ജി. സുധാകരൻ, ശ്രീ. പി. തിലോത്തമൻ എന്നിവർ പങ്കെടുത്തു. ഡോ. ടി. എം തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ പുളിങ്കുന്ന് ആശുപത്രിയും, മന്ത്രി ശ്രീ. പി. തിലോത്തമൻ മുട്ടാർ പഞ്ചായത്ത് ഓഫീ കടപ്ര ഗ്രാമപഞ്ചായത്തിൽ കോട്ടയ്ക്കമാലികോളനിയിൽ ഒമ്പതാം വാർഡ് സംസ്ഥാന ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) ശ്രീ. ജോൺസൺ പ്രേംകുമാറിന്റെ നേതൃത്വത്തിൽ ശുചീകരിച്ചു.

ജില്ലയിൽ ഇതു വരെ 176989 വീടുകളും, 1220 പൊതു സ്ഥാപനങ്ങളും 41105 കിണറുകളും ശുചീകരിച്ചു. ഇതുവരെ 70874 മീറ്റർ ഓടകൾ ശുചീകരിച്ചു. 179839.5 കിലോ ഗ്രാം ജൈവ മാലിന്യങ്ങൾ സംസ്കരിച്ചു. ഇതു വരെ മൂന്ന് ടൺ പ്ലാസ്റ്റിക് മാലിന്യം പുനചംക്രമണത്തിന് കൈമാറി.





പശു, കാള, എരുമ തുടങ്ങിയ മൃഗങ്ങളുടെ 637 ജഡങ്ങളും, ആട്, നായ തുടങ്ങിയ മൃഗങ്ങളുടെ 1557 ജഡങ്ങളും, 85234 താറാവ്, കോഴി എന്നിവയെയും സംസ്കരിച്ചു.

ജില്ലയിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നായി 202 ലോഡ് സെപ്റ്റിക് ടാങ്ക് മാലിന്യം നീക്കം ചെയ്തു. ആദ്യം ഉണ്ടായ വെള്ളപൊക്കത്തിൽ കുട്ടനാട് സ്ഥാപിച്ച 95 ബയോ ടോയ്‌ലറ്റുകൾക്കും കെമിക്കൽ ടോയ്‌ലറ്റുകൾക്കും പുറമേ ആഗസ്ത് 15 ന് ശേഷം ഉണ്ടായ വെള്ളപൊക്കത്തിന്റെ ഭാഗമായി ജില്ലയിൽ ഇതുവരെയുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ 65 ബയോ ടോയ്‌ലറ്റുകളും കെമിക്കൽ ടോയ്‌ലറ്റുകളും സ്ഥാപിച്ചു.

ചെങ്ങന്നൂരിൽ ജല അതോറിറ്റിയുടെ നേതൃത്വത്തിൽ കിണറുകൾ ശുചിയാക്കി. പത്ത് വീടുകൾക്ക് ഒരു കിണർ എന്ന രീതിയിൽ യുദ്ധകാലാടിസ്ഥാനത്തിലാണ് ശുചീകരണം.

ചെങ്ങന്നൂരിലെ പ്രളയബാധിത പ്രദേശങ്ങളിൽ വർക്കല നഗരസഭ ജീവനക്കാർ ശുചീകരണം നടത്തി. നഗരസഭ സെക്രട്ടറിയടക്കം 35 ജീവനക്കാരാണ് ശുചീകരണത്തിൽ പങ്കാളികളായത്. ചെങ്ങന്നൂരിലെ ഒരു പ്രാഥമിക കേന്ദ്രം ഉൾപ്പെടെ മൂന്ന് വീടുകൾ നഗരസഭ ജീവനക്കാർ പൂർണ്ണമായും ശുചീകരിച്ചു.

## കോട്ടയം



*പ്രളയക്കെടുതിയിൽ കോട്ടയം ജില്ലയിൽ വെള്ളം കയറിയ വീടുകളും തോടുകളും റോഡുകളും ശുചീകരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളെടുത്ത് ശുചിത്വമിഷൻ.*

ജില്ലയിൽ ഇതുവരെ വെള്ളപൊക്കം ബാധിച്ച 52847 വീടുകൾ, 594 പൊതുസ്ഥാപനങ്ങൾ, 15364 കിണറുകൾ, 32558 മീറ്റർ ഓടകൾ എന്നിവ ശുചീകരിച്ചു. ഇതുവരെ 23762 കിലോഗ്രാം ജൈവ മാലിന്യങ്ങൾ സംസ്കരിച്ചു. ഇതുവരെയായി 9480 കിലോഗ്രാം അജൈവമാലിന്യങ്ങൾ ശേഖരിച്ചു.

വൈക്കം, ഏറ്റുമാനൂർ, കോട്ടയം, ചങ്ങനാശ്ശേരി എന്നീ നഗരസഭകളിൽ ശുചിത്വ മിഷൻ ഉദ്യോഗസ്ഥർ, മുനിസിപ്പൽ ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ നിയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഈരാറ്റുപേട്ട, പാലാ നഗരസഭയിൽ പ്രളയം ബാധിച്ച എല്ലാ വാർഡുകളുടെയും ശുചീകരണം പൂർത്തിയാക്കി.



വെള്ളപ്പൊക്കദുരിതം ബാധിച്ച വാർഡുകളുടെ ചുമതല ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റ് ഇതര വകുപ്പിലെ ഉദ്യോഗസ്ഥർക്കും നൽകി ഗ്രാമപഞ്ചായത്തുകളിൽ വാർഡ് അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

പ്ലബിംഗ്, വയറിംഗ്, വൈദ്യുതിയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിനും കേടുപാടുകൾ നീക്കുന്നതിനും ഏറ്റുമാനൂർ, തിരുവാർപ്പ്, പള്ളിക്കക്കോട് എന്നിവിടങ്ങളിലെ ഐ. ടി. ഐ. കളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സേവനം ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ആയത് നൽകുകയും ഗ്രാമ/മുനിസിപ്പൽ തലത്തിൽ ഒരു അധ്യാപകന് ചുമതല നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു.

വെള്ളപ്പൊക്ക ദുരിതം ബാധിച്ച എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കായി ബയോക്കുലം, സാനിട്രീറ്റ് എന്നിവ വിതരണം നടത്തി.

ജില്ലയിലെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഓഫീസിലും, എല്ലാ ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലും 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന കൺട്രോൾ റൂം തുറന്നു പ്രവർത്തിച്ചു.

പഞ്ചായത്ത് തലത്തിൽ എല്ലാ വാർഡുകളിലും അഞ്ച് പേരടങ്ങുന്ന 10 സ്ക്വാഡുകൾ രൂപീകരിച്ചു. ഓരോ സ്ക്വാഡിലും ഒരു ഇലക്ട്രീഷ്യനേയും പ്ലംബറേയും ഉൾപ്പെടുത്തി.

ആശാ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലാണ് ശുചീകരണത്തിനുള്ള അവശ്യ സാധനങ്ങൾ സ്ക്വാഡിന് ലഭ്യമാക്കിയത്. ഇവ അതത് പി. എച്ച്. സികളിലെ ആരോഗ്യവകുപ്പ് എത്തിച്ചിരുന്നു. പ്രളയക്കെടുതിയിൽ ചത്തുപോയ വളർത്തു മൃഗങ്ങളുടെ മൃതശരീരങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക കിറ്റുകൾ മൃഗസംരക്ഷണ വകുപ്പ് എത്തിച്ചിരുന്നു.

## ഇടുക്കി

***ജില്ലയിൽ വെള്ളം കയറിയ വിവിധ പ്രദേശങ്ങളിലെ വീടുകൾ, 29 കുളങ്ങൾ, 136 കിണറുകൾ എന്നിവ ശുചീകരിച്ചു. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറും. പൊതുസ്ഥലങ്ങൾ, വിദ്യാലയങ്ങൾ, ബസ് സ്റ്റാന്റ്, കോളനികൾ, മാർക്കറ്റുകൾ എന്നീ സ്ഥലങ്ങളിലും ശുചീകരണം നടന്നു.***





ജില്ലയിലെ പ്രളയബാധിത മേഖലയിൽ മഹാശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ജില്ലാ ശുചിത്വമിഷൻ, ഹരിതകേരള മിഷൻ, സാക്ഷരതാ മിഷൻ, ജില്ലയിലെ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗരസഭാ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, എൻ എസ് എസ്, എൻ സി സി, എസ് പി സി വോളണ്ടിയേഴ്സ്, അധ്യാപകർ, കുടുംബശ്രീ, ട്രൈബൽ പ്രൊമോട്ടർമാർ, ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ, നെഹ്രു യുവകേന്ദ്ര, യുവജന ക്ലബ്, വായനശാല അംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, പൊതു ജനങ്ങൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് ശുചീകരണ യജ്ഞം നടന്നത്.

ജൈവ-അജൈവ മാലിന്യങ്ങളുടെ വേർതിരിക്കൽ, പ്ലാസ്റ്റിക്ക് ശേഖരണം, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി നടന്നു. ജില്ലയിൽ വെള്ളം കയറി വൃത്തിഹീനമായ വീടുകൾ ശുചീകരിച്ചു. കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ നടത്തുകയും ബ്ലീച്ചിംഗ് പൗഡർ വിതരണം ചെയ്യുകയും ചെയ്തു.

## എറണാകുളം

***എറണാകുളം ജില്ലയിൽ ഇതുവരെ 212151 വീടുകൾ, 1332 പൊതുസ്ഥാപനങ്ങൾ, 60833 കിണറുകൾ, 68740 മീറ്റർ ഓടകൾ എന്നിവ ശുചീകരിച്ചു. ഇതുവരെയായി 1304640 കിലോഗ്രാം ജൈവമാലിന്യങ്ങൾ സംസ്കരിക്കുകയും 2074384 കിലോഗ്രാം അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്തു. മൃഗങ്ങളുടെ 149100 മൃതശരീരങ്ങൾ സംസ്കരിച്ചു.***

ജില്ലയിൽ ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ക്യാമ്പുകൾ, വീടുകൾ കിണറുകൾ, പരിസര പ്രദേശങ്ങൾ എന്നിവ ശുചിയാക്കുന്നതിനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്സ്, മാസ്ക്, കുമ്മായം, ഗംബൂട്ട് മുതലായ സാധന സാമഗ്രികൾ ലഭ്യമാക്കി.

ദുരിത ബാധിത പ്രദേശങ്ങളായ എല്ലാ പഞ്ചായത്തുകളിലും, നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്ത് മുഖേന ശുചീകരണ സാമഗ്രികളായ സാനിട്രീറ്റും, ബയോക്കുലവും എത്തിച്ചു. ഇവ ഉപയോഗപ്പെടുത്തി ചത്തൊടുങ്ങിയ ഏകദേശം 2300 വലിയ മൃഗങ്ങളും 67700 ചെറുമൃഗങ്ങളെയും സംസ്കരിച്ചു.

വെള്ളപ്പൊക്കം വലിയ തോതിൽ ബാധിച്ച കുന്നുകര, ചേന്ദമംഗലം പഞ്ചായത്തുകളിൽ 300 ൽ അധികം എൻ.എസ്.എസ്. വോളന്റിയർമാർ, വിവിധ രാഷ്ട്രീയ പ്രവർത്തകർ, ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മറ്റ് പ്രളയ ബാധിത പ്രദേശങ്ങളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ഇത് കാര്യക്ഷമമാക്കുന്നതിനായ് അമ്പതോളം പ്രഷർ പമ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി.

ജില്ലയിൽ ഏകദേശം ആയിരത്തോളം ക്യാമ്പുകളാണ് പ്രളയത്തോടനുബന്ധിച്ച് പ്രവർത്തിച്ചത്. ഇതിൽ ഭൂരിഭാഗം ക്യാമ്പുകളിലും ജില്ലാ ശുചിത്വ മിഷൻ ഉദ്യോഗസ്ഥരും റിസോഴ്സ് പേഴ്സൺമാരും സന്ദർശിച്ചു. ആയിരത്തിലധികം ആളുകൾ താമസിച്ചിരുന്ന ക്യാമ്പുകളിൽ മാലിന്യം ഒരു വലിയ പ്രശ്നമായിരുന്നതിനാൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ മാലിന്യം തരംതിരിച്ച് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തരംതിരിച്ച് വച്ചിരുന്ന മാലിന്യങ്ങളിൽ നിന്നും ജൈവമാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനും, അജൈവ മാലിന്യം അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുകയും ചെയ്തു.

വെള്ളപ്പൊക്കത്തിൽ പൂർണ്ണമായോ ഭാഗീകമായോ മുങ്ങിയ വീടുകളിലും സ്ഥാപനങ്ങളിലും അടിഞ്ഞുകൂടിയ അജൈവ മാലിന്യം സംസ്കരിക്കുന്നതിനായി കേന്ദ്രീകൃത സംവിധാനം ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നടപ്പിലാക്കി. അജൈവ മാലിന്യങ്ങളായ കിടക്ക, തലയിണ, കുഷ്യൻ, തുണികൾ, ഇ മാലിന്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മൂന്നോ നാലോ ഇടങ്ങളിലായി ശേഖരിക്കുകയും അവ ക്ലീൻ കേരള കമ്പനിയുടെ സഹകരണത്തോടെ ബ്രഹ്മപുരം പ്ലാന്റിൽ എത്തിക്കുകയും ചെയ്തു. ഈ രീതിയിൽ ഏകദേശം 1460 ടൺ മാലിന്യം ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിച്ചു.

കൂടാതെ ക്യാമ്പുകളിൽ നിന്നും വീടുകളിലേക്ക് മടങ്ങുന്നവർ ശ്രദ്ധിക്കേണ്ട ആരോഗ്യ ശുചിത്വ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ ക്യാമ്പുകളിൽ വിതരണം ചെയ്തു.

ജില്ലയിലെ ഏകദേശം 22 ഗ്രാമ പഞ്ചായത്തുകളിലും 6 നഗരസഭകളിലും പൂർണ്ണമായും, ബാക്കിയുള്ള പഞ്ചായത്തുകളിലും നഗരസഭകളിലും ഭാഗീകമായാണ് പ്രളയം ബാധിച്ചത്.





## തൃശ്ശൂർ

*തൃശ്ശൂർ ജില്ലയിൽ ഇതുവരെ 110481 വീടുകൾ, 923 പൊതു സ്ഥാപനങ്ങൾ, 84272 കിണറുകൾ, 420123 മീറ്റർ ഓടകൾ എന്നിവ ശുചീകരിച്ചു. ഇതുവരെ 360164 കിലോഗ്രാം ജൈവമാലിന്യങ്ങൾ സംസ്കരിച്ചു, 127243 കിലോഗ്രാം അജൈവമാലിന്യങ്ങൾ ശേഖരിച്ചു. 312561 മൃഗങ്ങളുടെ മൃതശരീരങ്ങൾ സംസ്കരിച്ചു.*





## പാലക്കാട്

*പ്രളയബാധിത മേഖലയായ പാലക്കാട് ജില്ലയിലെ ശുചിത്വമിഷന്റെ ഏകോപനങ്ങളിൽ വെള്ളം കയറിയ 8706 വീടുകളിൽ 8699 വീടുകൾ ശുചീയാക്കി. ശുചീകരണ പ്രവർത്തനത്തിനായി ജില്ലയിൽ 512 സ്ക്വാഡുകൾ രൂപീകരിച്ചു. വെള്ളം കയറിയ 132 പൊതുസ്ഥാപനങ്ങളിൽ 120 സ്ഥാപനങ്ങളും വൃത്തിയാക്കി. 6231 കിണറുകളും 19604 (മീറ്റർ) ഓടകളും ശുചിയാക്കി. പ്രവർത്തി പൂർത്തിയാക്കാത്ത 175 കെട്ടിടങ്ങൾ ശുചീകരിച്ചു.*





9 ഗ്രാമപഞ്ചായത്തുകളിൽ ഫോഗിംഗ് നടത്തി. പ്രളയം ബാധിച്ചതിനെ തുടർന്ന് വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നിന്നായി 18210 (കിലോ) പ്ലാസ്റ്റിക് മാലിന്യം സംഭരിച്ചു. 1870 കിലോ ജൈവമാലിന്യം ശേഖരിച്ച് സംസ്ക്കരിച്ചു. പ്രളയം ബാധിച്ചതിനെ തുടർന്ന് 26 വലിയ മൃഗങ്ങളുടെയും 8 ചെറിയ മൃഗങ്ങളുടെയും 2000 പക്ഷികളുടെയും ജഡങ്ങൾ സംസ്ക്കരിച്ചു. ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ക്യാമ്പുകളും പ്രളയബാധിതമായ ഭവനങ്ങളും സന്ദർശിച്ചു. ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.


900ത്തോളം പേർ അടങ്ങുന്ന അപ്നാ ഘർ ദുരിതാശ്വാസ ക്യാമ്പിലേക്ക് 50 കിലോ ശേഷിയുള്ള വലിയ ബിന്നുകളും 30 കിലോയുടെയും 60 കിലോയുടെയും ചെറിയ ബിന്നുകളും മാലിന്യം വേർതിരിച്ച് സംസ്ക്കരിക്കുന്നതിനായി ലഭ്യമാക്കി. ബ്ലോക്ക് തലത്തിലെയും പഞ്ചായത്തുതലത്തിലേയും ഉദ്യോഗസ്ഥരും ശുചിത്വമിഷൻ വോളണ്ടിയേഴ്സും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മാലിന്യം തരംതിരിച്ചതിനു ശേഷം ഭക്ഷ്യാവശിഷ്ടങ്ങൾ മലമ്പുഴ പന്നി ഫാമിലേയ്ക്കും പ്ലാസ്റ്റിക് മാലിന്യങ്ങൾ രണ്ടുദിവസം കൂടുമ്പോൾ പാലക്കാട് മുനിസിപ്പാലിറ്റി വഴിയും നീക്കം ചെയ്തു. ജില്ലാ ശുചിത്വമിഷന് സ്പോൺസർഷിപ്പിലൂടെ ലഭ്യമായ 250 ഓളം വരുന്ന സ്റ്റീൽ ഗ്ലാസ്സുകളും പ്ലേറ്റുകളും ഈ ക്യാമ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ സന്നദ്ധ സേവനം എന്ന ലക്ഷ്യത്തോടെ മറ്റ് ബ്ലോക്കിലെ ഉദ്യോഗസ്ഥരും അപ്നാ ഘറിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

## മലപ്പുറം

*മലപ്പുറം ജില്ലയിൽ 94 ഗ്രാമപഞ്ചായത്തുകളിലായി 1018 വാർഡുകളിലാണ് പ്രളയക്കെടുതി ബാധിച്ചത്. 35781 വീടുകൾ ശുചീകരിച്ചു. 41486 കിണറുകൾ ശുചീകരിച്ചു. 1489 സ്ഥാപനങ്ങൾ ശുചീകരിച്ചു.*





തദ്ദേശ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഓരോ വാർഡിലും രൂപീകരിച്ച ശുചീകരണ സമിതികളാണ് ശുചീകരണം നടത്തിയത്. ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, വളണ്ടീയർമാർ എന്നിവർ ചേർന്നാണ് ശുചീകരണം നടത്തിയത്.

## വയനാട്

*ജില്ലയിൽ 10401 വീടുകൾ, 127 പൊതുസ്ഥാപനങ്ങൾ, 5484 കിണറുകൾ, 11108 മീറ്റർ ഓടകൾ എന്നിവ ശുചീകരിച്ചു. 88429 കിലോഗ്രാം ജൈവമാലിന്യങ്ങൾ സംസ്കരിച്ചു, 153689 കിലോഗ്രാം അജൈവമാലിന്യങ്ങൾ ശേഖരിച്ചു. 37785 മൃഗങ്ങളുടെ മൃതശരീരങ്ങൾ സംസ്കരിച്ചു.*



ജില്ലയിൽ മിഷൻ ക്ലീൻ വയനാടിന്റെ ഭാഗമായി വൻജനപങ്കാളിത്തത്തോടെ മഹാശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ, പൊതു സ്ഥലങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവിടങ്ങൾ ശുചിയാക്കി.

ജില്ലാ ഭരണകൂടം, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ, രാഷ്ട്രീയ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, എൻ. എസ്. എസ്, എൻ. സി. സി, വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, സ്റ്റുഡന്റ് പോലീസ്, ആശാവർക്കർമാർ, അയൽകൂട്ടങ്ങൾ, യൂത്ത് ക്ലബുകൾ, സ്പോർട്സ് ആന്റ് ഗെയിംസ് അഡ്വഞ്ചർ അക്കാഡമി, മറ്റു വിഭാഗങ്ങൾ എന്നിവരുടെ സഹായത്തോടെ ജില്ലയിലെ 23 ഗ്രാമപഞ്ചായത്തുകളിലെയും മൂന്ന് നഗരസഭകളിലെയും 512 വാർഡുകളിലാണ് ശുചീകരണം നടന്നത്. ജില്ലക്ക് പുറത്ത് നിന്ന് എത്തുന്നവരെ സഹായിക്കാനായി ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ കൺട്രോൾ റൂം തുറന്നു. ശുചീകരണത്തിന് 40000 കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു.

മിഷൻ ക്ലീൻ വയനാടിന്റെ ഭാഗമായി ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്ത് കേന്ദ്രങ്ങളിൽ എത്തിച്ച അജൈവ മാലിന്യങ്ങളുടെ ശേഖരണം ആരംഭിച്ചു. ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും സഹകരണത്തോടെ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിലാണ് അജൈവ മാലിന്യ ശേഖരണം. സ്ക്രാപ്പ് മെർച്ചന്റ്സ് അസോസിയേഷന്റെ ചുമതലയിലാണ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ശേഖരിച്ചിട്ടുള്ള തരംതിരിക്കാത്ത മാലിന്യങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ നിർദേശങ്ങളനുസരിച്ച് ഹരിതകർമ്മസേനാംഗങ്ങൾ തരംതിരിച്ച് താത്ക്കാലിക കളക്ഷൻ സെന്ററിൽ സൂക്ഷിച്ചതിനു ശേഷം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ നീക്കം ചെയ്യാനാണ് പദ്ധതി.